# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.93/23/EST-B**

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
**30/01/2024**

## സർക്കുലർ

വിഷയം:- ശബരിമല മണ്ഡലം മകരവിളക്ക് മഹോത്സവം - **05/02/2024**-ൽ പുനരാരംഭിക്കുന്ന കാണിക്ക തിട്ടപ്പെടുത്തൽ സ്പെഷ്യൽ ഡ്യൂട്ടി സംബന്ധിച്ച്.

സൂചന:- 1. ശബരിമല എക്സിക്യൂട്ടീവ് ആഫീസിലെ **17/01/2024** -ലെ **EOP.No.121/24/SAB** നമ്പർ റിപ്പോർട്ട്
2. **25/01/2024**-ലെ **ROC.04/2023/SAB** നമ്പർ ബോർഡ് ഉത്തരവ്.

ശബരിമല മണ്ഡലം മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഭണ്ഡാരത്തിൽ അവശേഷിക്കുന്ന നാണയങ്ങൾ എണ്ണി തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ **05/02/2024** മുതൽ പുനരാരംഭിക്കുന്നതിനാൽ ഓരോ ഗ്രൂപ്പിൽ നിന്നും **30** ക്ലാസ്ഫോർ ജീവനക്കാരെ വീതം **04/02/2024 AN**-ൽ ശബരിമലയിൽ എത്തിച്ചേരത്തക്കവിധം സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതാണ്. ഡ്യൂട്ടിയ്ക്ക് നിയോഗിക്കുമ്പോൾ ഗുരുതര ആരോഗ്യപ്രശ്നം ഉള്ളവരെ മാത്രം ഒഴിവാക്കിയും, മണ്ഡലം-മകരവിളക്ക് കാലത്തെ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടില്ലാത്ത ജീവനക്കാരെയും, കഴിവതും പകരം വ്യവസ്ഥ ബാധകമല്ലാത്ത ജീവനക്കാരെയും, സ്ഥിരമായി സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് പോകാത്ത ജീവനക്കാരെയും നിയോഗിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന ജീവനക്കാരുടെ പേരും വിശദാംശങ്ങളും അടങ്ങിയ ലിസ്റ്റ് **31/01/2024** വൈകുന്നേരം **5.00** മണിയ്ക്ക് മുമ്പായി ഈ ആഫീസിലും, ശബരിമല എക്സിക്യൂട്ടീവ് ആഫീസിലും ലഭ്യമാക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
2. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
3. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
4. സെക്ഷൻ ഫയൽ
5. ഫെയർ ഓഫീസ് കോപ്പി

AR.30/01